

ചോഴിയക്കോട് സെന്റ് സെബാസ്റ്റ്യൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ ഓശാന തിരുനാളിന് വികാരി ഫാ.വിൽസൺ ചരുവിള മുഖ്യകാർമികത്വം വഹിക്കുന്നു.



കുളത്തൂപ്പുഴ സെന്റ് മേരീസ് കത്തോലിക്ക പള്ളിയിൽ ഇടവക വികാരി ഫാ.റോബി ചക്കാലയ്ക്കൽ ഒഎസ്ജെയുടെ നേതൃത്വത്തിൽ നടന്ന കുരുത്തോല പ്രദക്ഷിണം.



അഞ്ചൽ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന ഓശാന ഞായർ ശുശ്രൂഷകൾ.

ഓശാന തിരുനാൾ ആചരിച്ചു

കുളത്തൂപ്പുഴ: ചോഴിയക്കോട് സെന്റ് സെബാസ്റ്റ്യൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ ഓശാന തിരുനാൾ ആചരിച്ചു. വിശുദ്ധ കുർബാനയ്ക്കും കുരുത്തോല പ്രദക്ഷിണത്തിനും ഇടവക വികാരി ഫാ. വിൽസൺ ചരുവിള മുഖ്യകാർമികത്വം വഹിച്ചു . ബ്രദർ എബി വർഗീസ് വചന സന്ദേശം നൽകി. വിശുദ്ധ വാരത്തിൽ എല്ലാ ദിവസവും ശുശ്രൂഷകൾ ഉണ്ടാകും.

കുളത്തൂപ്പുഴ: സെന്റ് മേരീസ് കത്തോലിക്ക പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കും കുരുത്തോല പ്രദക്ഷിണത്തിനും ഇടവക വികാരി ഫാ.റോബി ചക്കാലയ്ക്കൽ ഒഎസ്ജെ നേതൃത്വം നൽകി. കുളത്തൂപ്പുഴ സെന്റ് പോൾ സിഎസ്ഐ ചർച്ചിൽ കൊല്ലം കൊട്ടാരക്കര മഹാഇടവക ബിഷപ് ജോസ് ജോർജ് വിശുദ്ധ കുർബാനയ്ക്കും കുരുത്തോല പ്രദക്ഷിണത്തിനും നേതൃത്വം നൽകി.ചോഴിയക്കോട് സെന്റ് സെബാസ്റ്റ്യൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ ഓശാന തിരുനാൾ ആചരിച്ചു. വിശുദ്ധ കുർബാനയ്ക്കും കുരുത്തോല പ്രദക്ഷിണത്തിനും ഇടവക വികാരി ഫാ.വിൽസൺ ചരുവിള മുഖ്യകാർമികത്വം വഹിച്ചു.

അഞ്ചൽ: അഞ്ചലിലെ പള്ളികളിൽ ഓശാന ഞായർ ആചരിച്ചു. എല്ലാ ഇടവകകളിലും പ്രത്യേക പ്രാർഥനകളും കുരുത്തോല പ്രദക്ഷിണവും നടന്നു.

അഞ്ചൽ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഓശാന ശുശ്രൂഷകൾക്ക് ഇടവക വികാരി പി. ജോസ്കോർ എപ്പിസ്കോപ്പ,സഹവികാരി. ഫാ. എ.ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.



കൊല്ലം രൂപതാ കോർപറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ വിരമിക്കുന്ന 52 അധ്യാപകരുടെയും അനധ്യാപക ജീവനക്കാരുടെയും യാത്രയയപ്പ് സമ്മേളനം ബിഷപ് ഡോ. പോൾ ആന്റണി മുല്ലശേരി ഉദ്ഘാടനം ചെയ്യുന്നു.

യാത്രയയപ്പ് നൽകി

കൊല്ലം : കൊല്ലം രൂപതാ കോർപറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന 52 അധ്യാപകരുടെയും അനധ്യാപക ജീവനക്കാരുടെയും യാത്രയയപ്പ് സമ്മേളനം നടന്നു.

യാത്രയയപ്പ് സമ്മേളനം കൊല്ലം ബിഷപ് ഡോ. പോൾ ആന്റണി മുല്ലശേരി ഉദ്ഘാടനം ചെയ്തു.

കൊല്ലം രൂപതാ വിദ്യാഭ്യാസ സെക്രട്ടറി ഫാ. ബിനു തോമസ് തുപ്പാശേരി അനുഗ്രഹ പ്രഭാഷണം നടത്തി. സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് ആർ. ബർണാഡ്. അധ്യക്ഷത വഹിച്ചു സെക്രട്ടറി സുമേഷ് ദാസ് ഭാരവാഹികളായ റോയി സെബാസ്റ്റ്യൻ, സിസ്റ്റർ ആഗ്നസ്, ഷൈൻ കൊടുവിള, സൂസി നെവിൻ, കിരൺ ക്രിസ്റ്റഫർ , സിസ്റ്റർ റയ, റെയ്നി റയമണ്ട് , ഡോ. വിഡ് ജോൺ, ജോസ്കർലോസ്, സുനിൽ ബഞ്ചമിൻ എന്നിവർ പ്രസംഗിച്ചു.



പുതുക്കി പണിത പട്ടാഴി പന്തപ്ലാവ് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളി കൂദാശയ്ക്ക് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ കാർമികത്വം വഹിക്കുന്നു.

പന്തപ്ലാവ് സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളി കൂദാശ നടത്തി

പട്ടാഴി : പന്തപ്ലാവ് സെന്റ്തോമസ് മലങ്കര കത്തോലിക്ക ഇടവകയിൽ പുതിയതായി പണികഴിപ്പിച്ച പള്ളിയുടെ കൂദാശ മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമികത്വത്തിൽ നടന്നു.

പ്രാർഥനകൾ കൈക്കൊള്ളുന്ന ദൈവത്തിങ്കലേക്ക് നോക്കി ജീവിതയാത്ര മുന്നോട്ടു നയിക്കണമെന്നും പള്ളികൾ ദൈവം വസിക്കുന്ന ഇടമായി തീരണമെന്നും കാതോലിക്കാ ബാവ പറഞ്ഞു.

മാവേലിക്കര രൂപത ബിഷപ് ഡോ. മാത്യൂസ് മാർ പോളിക്കാർപസ്, തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. യൂഹാനോൻ മാർ അലക്സിയോസ് എന്നിവർ സഹകാർമികത്വം വഹിച്ചു. വികാരി ഫാ. ജോർജ് ഭട്ടശേരി, ഭാരവാഹികളായ കെ.ജി. ജോർജ് അയിരിക്കുഴി, റെന്നി കെ. ജോസ്, അനീഷ് ജോർജ്, സിസ്റ്റർ പാവന എന്നിവർ പ്രസംഗിച്ചു.

ദിവ്യ രഹസ്യവും ദിവ്യദാനവുമാണ് പൗരോഹിത്യം: ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ

പുനലൂർ: പൗരോഹിത്യം ദിവ്യരഹസ്യവും ദിവ്യദാനവുമാണെന്ന വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ ഓർമിക്കണമെന്ന് പുനലൂർ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ. പുനലൂർ സെന്റ്മേരീസ് കത്തീഡ്രൽ പള്ളിയിൽ വിശുദ്ധവാരത്തോടനുബന്ധിച്ച് നടന്ന തൈല പരികർമ ദിവ്യബലിയിലും പൗരോഹിത്യ വ്രത നവീകരണത്തിലും പ്രസംഗിക്കുകയായിരുന്നു ബിഷപ്.

ഒരു പുരോഹിതൻ ദൈവവുമായി ആത്മബന്ധവും മെത്രാനുമായും സഹവൈദികരുമായും ദൈവജനവുമായും അടുപ്പവും കാത്തുസൂക്ഷിക്കുന്ന വ്യക്തിയായി ജീവിക്കണമെന്ന് കാലം ചെയ്ത ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞിട്ടുള്ളത് ഓർമിക്കണം. പൗരോഹിത്യം സ്നേഹത്തിലും എളിമയിലും സേവനത്തിലും അധിഷ്ഠിതമായിരിക്കണമെന്നാണ് ലിയോ മാർപാപ്പ പറഞ്ഞത്.

ജ്ഞാന സ്നാനത്തിലൂടെ പൊതു പൗരോഹിത്യത്തിൽ പങ്കുകാരായ ദൈവ ജനത്തെ ശുശ്രൂഷിക്കുന്നതാണ് ഒരു പുരോഹിതന്റെ കടമയെന്ന് ബിഷപ് പറഞ്ഞു.

ദിവ്യബലിക്ക് പുനലൂർ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ മുഖ്യകാർമികത്വം വഹിച്ചു. രൂപതയിലെ വിവിധ ഇടവകകളിലെ ൽ വൈദികരും സന്യസ്തരും രൂപത അജപാലന സമിതി അംഗങ്ങളും പുനലൂർ സെന്റ് മേരീസ് കത്തീഡ്രൽ അജപാലന സമിതി അംഗങ്ങളും പങ്കെടുത്തു. പുനലൂർ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വാസ് പങ്കെടുത്തു.



കൊല്ലം ഇൻഫന്റ് ജീസസ് കത്രികടൽ പള്ളിയിൽ നടന്ന തൈല പരികർമ ശുശ്രൂഷയിൽ ബിഷപ് ഡോ.പോൾ ആന്റണി മുല്ലശേരി ആശീർവദിക്കുന്നു.



പുനലൂർ സെന്റ് മേരീസ് കത്തീഡ്രലിൽ പുനലൂർ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നു മുത്തന്റെ മുഖ്യകാർമികത്വത്തിൽ തൈലപരികർമ ദിവ്യബലി അർപ്പിക്കുന്നു.

ഡീൽ ജനങ്ങളുമായി മാത്രം: മുഖ്യമന്ത്രി

കൊട്ടാരക്കര: എൽഡിഎഫിന് ഡീൽ ഉള്ളത് ജനങ്ങളുമായി മാത്രമാണെന്ന്മുഖ്യമന്ത്രി പിണറായി വിജയൻ.

കൊട്ടാരക്കരയിൽ എൽഡിഎഫ് സ്ഥാനാർഥി കെ.എൻ. ബാലഗോപാലിന്റെ തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അവസരവാദ രാഷ്ട്രീയത്തിന് തെരഞ്ഞെടുപ്പിൽ പരിഹാരം ഉണ്ടാകും. എൽഡിഎഫിന്റെ തുടർ ഭരണം കേരള ജനത ആഗ്രഹിക്കുകയാണ്. 2016ൽ എൽഡിഎഫിന് ഭരണം ലഭിച്ചപ്പോൾ നമ്മുടെ നാട് മാറ്റത്തിന് അനുസരിച്ചു മുന്നോട്ട് പോകുന്നില്ല എന്നായിരുന്നു മുഖ്യ പരാതി. എന്നാൽ ഭരണം ലഭിച്ചപ്പോൾ കാലാനുസൃതമായ മാറ്റം കേരളത്തിൽ അനുഭവപ്പെട്ടു തുടങ്ങിയതായി മുഖ്യമന്ത്രി പറഞ്ഞു.



കൊട്ടാരക്കരയിലെ എൽഡിഎഫ് സ്ഥാനാർഥി കെ.എൻ. ബാലഗോപാലിന്റെ തെരഞ്ഞെടുപ്പ് കൺവൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

എ.മന്മഥൻ നായർ അധ്യക്ഷനായിരുന്നു. മുൻമന്ത്രി മുല്ലക്കര രത്നാകരൻ, ജോർജ് മാത്യു, എസ്. സുദേവൻ, കെ.രാജഗോപാൽ, സ്ഥാനാർഥി കെ.എൻ. ബാലഗോപാൽ, എ.ഷാജു, ആർ.രഞ്ജിത്, സൂസൻ കോടി, വി.സുമലാൽ എന്നിവർ പ്രസംഗിച്ചു.

നിതിൻ നബീൻ ഇന്ന് കൊല്ലത്ത്

കൊല്ലം: ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ഇന്ന് കൊല്ലത്തെത്തും. ഉച്ചകഴിഞ്ഞ് മൂന്നിന് വള്ളിക്കാവ് അമൃത എൻജിനിയറിയറിംഗ് കോളജ് ഗ്രൗണ്ടിൽ എത്തുന്ന അദ്ദേഹം എൻഡിഎ കരുനാഗപ്പള്ളി മണ്ഡലം സ്ഥാനാർഥി പി.എസ്. ജിതിൻ ദേവിന്റെ തെരഞ്ഞെടുപ്പ് പ്രചാരണാർഥം കല്ലുർമുക്ക് മുതൽ ഓച്ചിറ വരെയുള്ള റോഡ് ഷോയിൽ പങ്കെടുക്കും.

രാത്രി ഏഴിന് കൊല്ലം ഹോട്ടൽ റാവീസിൽ നടക്കുന്ന പൗരപ്രമുഖരുടെയും പാർട്ടി ഭാരവാഹികളുടെയും യോഗത്തിൽ പങ്കെടുക്കുമെന്നും വെസ്റ്റ് ജില്ലാ പ്രസിഡന്റ് എസ്. പ്രശാന്ത് അറിയിച്ചു.



ആഞ്ഞിലിമൂട് സ്വദേശി വിജയമ്മയെ ഗാന്ധിഭവൻ ഏറ്റെടുക്കുന്നു.

സംരക്ഷിക്കാനാരുമില്ല; വിജയമ്മയെ ഗാന്ധിഭവൻ ഏറ്റെടുത്തു

പത്തനാപുരം: വാർധക്യത്തിൽ സംരക്ഷിക്കാനാരും തയാറാകാതെ വന്നതോടെ ശാസ്താംകോട്ട ആഞ്ഞിലിമൂട് സ്വദേശി വിജയമ്മ (64)യെ ഗാന്ധിഭവൻ ഏറ്റെടുത്തു.

വാർധക്യസഹജമായ നിരവധി പ്രശ്നങ്ങൾ നേരിടുന്ന വിജയമ്മ ആറ് മാസം മുൻപ് വീണ് നടുവിന് പൊട്ടൽ പറ്റിയതോടെ സ്വന്തം കാര്യം നോക്കാൻ കഴിയാതെ കിടപ്പിലായി.

കിടപ്പുരോഗികളെ സംരക്ഷിക്കുന്ന വയോസാന്ത്വനം പദ്ധതിയിലൂടെ വിജയമ്മയ്ക്ക് ആവശ്യമായ പരിചരണവും ചികിത്സയും നൽകി സംരക്ഷിക്കുമെന്ന് ഗാന്ധിഭവൻ സെക്രട്ടറി പറഞ്ഞു.



ചവറ മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി സുജിത്ത് വിജയൻ പിള്ള തൊഴിലുറപ്പ് തൊഴിലാളികളോട് വോട്ട് അഭ്യർഥിക്കുന്നു.



ചവറ മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർഥി കെ.ആർ. രാജേഷ് തട്ടാശേരി മത്സ്യ മാർക്കറ്റിൽ വോട്ട് അഭ്യർഥിക്കുന്നു.



ചവറ തലമുകിൽ നിന്നാരംഭിച്ച പര്യടനത്തിൽ യുഡിഎഫ് സ്ഥാനാർഥി ഷിബു ബേബി ജോണിന് നൽകിയ സ്വീകരണം.

ജ്വാലാമുഖി ഉദ്ഘാടനം

കൊല്ലം : സ്ത്രീകളുടെയും കുട്ടികളുടെയും കുടുംബങ്ങളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ജ്വാലാ വിമൻസ് പവറിന്റെ 'ജ്വാലാമുഖി 2026' ഉദ്ഘാടനം കൊല്ലം കോർപറേഷൻ ഡപ്യൂട്ടി മേയർ ഡോ. ഉദയ സുകുമാരൻ നിർവഹിച്ചു.

ജ്വാല വിമൻസ് പവർ പ്രസിഡന്റ് ബെറ്റ്സി എഡിസൺ അധ്യക്ഷത വഹിച്ച യോഗത്തിൽ ചീഫ് അഡ്വൈസർ ജോർജ് എഫ്. സേവ്യർ വലിയവീട്, അഡ്വൈസർ ജയിൻ ആൻസിൽ ഫ്രാൻസിസ്, ജനറൽ സെക്രട്ടറി ശാന്തിനി പ്രകാശ്, ജോയിന്റ് സെക്രട്ടറി ഉഷാകുമാരി, വൈസ് പ്രസിഡന്റ് സോജാ നടരാജൻ, ജ്വാലാമുഖി അവാർഡ് ജേതാക്കളായ പ്രഫ. ഡോ. സിന്ധ്യ കാതറിൻ മൈക്കിൾ, കെ.എസ്. പ്രിയ, ജ്വാലാമുഖി പ്രത്യേക ജൂറി പുരസ്കാരം നേടിയ എസ് .എം. ഉഷ ,ചേമ്പർ ഓഫ് കോമേഴ്സ് സെക്രട്ടറി നേതാജി ബി.രാജേന്ദ്രൻ,സാമൂഹ്യപ്രവർത്തകൻ ഷാനവാസ്, സാഹിത്യകാരൻ വി.ടി. കുരീപ്പുഴ എന്നിവർ പ്രസംഗിച്ചു.

അവാർഡുകൾ ഡപ്യൂട്ടി മേയർ സമ്മാനിച്ചു. കാരുണ്യ മേഖലയിൽ അഭയം ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി ബെനഡിക്റ്റ സഫർനോസ്, സാഹിത്യ മേഖലയിൽ ഡോ. പട്രിഷ്യ ജോൺ, കുട്ടികളുടെ മാനസികാരോഗ്യ പ്രവർത്തന മേഖലയിൽ ഡോ. ഷാർലറ്റ് ഡിക്സൻ, ബാലസാഹിത്യ മേഖലയിൽ ഫിലിസ് ജോസഫ്, കായിക മേഖലയിൽ ഷീബ, ചിത്രകലയിൽ ഗോപിക കണ്ണൻ സംരംഭകരായ ഫില്ലി സേവ്യർ, ആശ അലക്സ്, റീജാ റിബേയ്റോ, സിബിൾ സക്കറിയ എന്നിവരെ ചടങ്ങിൽ ആദരിച്ചു.



ജ്വാല വിമൻസ് പവറിന്റെ 'ജ്വാലാമുഖി 2026' ന്റെ ഉദ്ഘാടനം കൊല്ലം കോർപറേഷൻ ഡപ്യൂട്ടി മേയർ ഡോ. ഉദയ സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു.

തയ്യൽ യൂണിറ്റ് സംഭാവന ചെയ്തു

കൊല്ലം: റോട്ടറി ക്ലബ് ഓഫ് കൊയ്ലോൺ വെസ്റ്റ് ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോജക്ടിനായി 17 തയ്യൽ മെഷീനുകൾ സംഭാവന ചെയ്തു. റോട്ടറി ഡിസ്ട്രിക്ട് 3211 ഗവർണർ മേജർ ഡോണർ ഡോ. ടീന ആന്റണി പദ്ധതി ഉദ്ഘാടനം ചെയ്തു. തീരദേശത്തുള്ള തൊഴിൽരഹിതരായ വീട്ടമ്മമാരെ ഉദ്ദേശിച്ചുള്ളതാണ് പരിപാടി. അവർക്ക് മികച്ച രീതിയിലുള്ള തയ്യൽ പരിശീലനം നൽകി തയ്യൽ ഒരു ഉപജീവനമാർഗമായി സ്വീകരിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. അന്തരിച്ച രമണി ജോർജിന്റെ നാമധേയത്തിലുള്ള തയ്യൽ യൂണിറ്റ് സ്ഥാപിക്കുവാൻ വേണ്ടിവന്ന മുഴുവൻ ചെലവുകളും റോട്ടറി ക്ലബിനു വേണ്ടി മുൻ ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി .എ. ജോർജാണ് വഹിച്ചത്.

ചടങ്ങിൽ റോട്ടറി ഡിസ്ട്രിക്റ്റ് 3211 മുൻ ഗവർണമാരായ കെ. പി. രാമചന്ദ്രൻ നായർ, ഡോ. ജി. ഏ .ജോർജ്,ഡോ. റിയാസ് അഹമ്മദ്,ക്ലബ്ബ് പ്രസിഡന്റ് ഡോ. കെ. ആർ. സുധീർ, സെക്രട്ടറി സ്റ്റാലിൻ കാപ്പിൽ,എഫ് സി ഡി പി ഡയറക്ടർ ഫാ. സജി എളമ്പശേരിൽ, പ്രസിഡന്റ് ആഗ്നസ്, കോർപറേഷൻ ടൗൺ പ്ലാനിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കുരുവിള ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.



റോട്ടറി ക്ലബ് ഓഫ് കൊയ്ലോൺ വെസ്റ്റ് ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോജക്ടിനായി 17 തയ്യൽ മെഷീനുകളുടെ ഉദ്ഘാടനം ഡോ. ടീന ആന്റണി പദ്ധതി നിർവഹിക്കുന്നു.

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...the name you can BANK upon !

എ. ആർ. എം. ബി., എറണാകുളം.
പി.എൻ.ബി. ഹൗസ്, മാർക്കറ്റ് റോഡ്, എറണാകുളം-682011.
ഫോൺ: 0484-2350477, ഇ-മെയിൽ: CS4459@pnb.bank.in

സ്ഥാവര വസ്തുവിന്റെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-വിൽപന നോട്ടീസ്.

താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ അധികാരപെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 17-04-2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	സ്ഥാവര വസ്തു വിവരണവും പണയപെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി
പി.എൻ.ബി, എ. ആർ.എം.ബി. എറണാകുളം **M/s. ചോതി എന്റർപ്രൈസസ്** പ്രതീക്ഷ നഗർ 24, കിളികൊല്ലൂർ. പി.ഒ., കൊല്ലം-692004, **ശ്രീ. ഉണ്ണികൃഷ്ണൻ. ആർ** പ്രൊപ്രൈറ്റർ: M/s. വി.ബി.എൽ എക്സ്പോർട്സ്, **ശ്രീമതി സുജാത,** ഇരുവരും താമസം: വടക്കുംഭാഗത്ത് വീട്, കന്നിമേൽചേരി, കിളികൊല്ലൂർ. പി.ഒ., കൊല്ലം-691004, **ശ്രീമതി ശ്രീലതാദേവി ശ്രീമതി ശ്രീലക്ഷ്മി,** ഇരുവരും താമസം: ഇന്ദിര ഭവൻ, കുണ്ടറ. പി.ഒ., കൊല്ലം-691501.	**(1):** തമിഴ്നാട്ടിൽ, കന്യാകുമാരി ജില്ല, അണ്ണിക്കര കുളപ്പുറം വില്ലേജിൽ, പരേതനായ രാധാകൃഷ്ണ പിള്ള വക റീ സർവ്വേ നം. 138/10, 11, 12, 13, 14, 15 ൽ പെട്ട 148 സെന്റ് സ്ഥലവും അതിലിരിപ്പ് കശുവണ്ടി ഫാക്ടറിയും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** വേലക്കുട്ടി വക വസ്തു; **തെക്ക്:** ലളിത വക വസ്തു; **കിഴക്ക്:** റബ്ബർ തോട്ടം; **പടിഞ്ഞാറ്:** ടാർ റോഡ്. **(2):** കൊല്ലം ജില്ല, കൊല്ലം താലൂക്ക്, കിളികൊല്ലൂർ വില്ലേജിൽ റീ സർവ്വേ നം. 711/17, 711/21-1 ൽ പെട്ട 4.61 ആർ (11.40 സെന്റ്) സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** നളിനാക്ഷി അമ്മ വക വസ്തു; **കിഴക്ക്:** ഉദയകുമാർ വക വസ്തു; **തെക്ക്:** റഷീദ വക വസ്തു; **പടിഞ്ഞാറ്:** ഗിരിജാദേവി വക വസ്തു. **(3):** കൊല്ലം ജില്ല, കുന്നത്തൂർ താലൂക്ക്, ശൂരനാട് വില്ലേജിൽ റീ സർവ്വേ നം. 348/8 ൽ പെട്ട 50.80 ആർ സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** വേലായുധ കുഞ്ഞ് വക വസ്തു; **തെക്ക്:** ഡ്രൈനേജ് & ചെല്ലപ്പൻ വക വസ്തു; **കിഴക്ക്:** റോഡ്; **പടിഞ്ഞാറ്:** സലിംകുമാർ വക വസ്തു.	(എ) 13(2)- 29-12-2017 & 30-07-2022 (ബി) 31-01-2026-ലെ തുക രൂപ 28,78,57,373.40 (ഇരുപത്തെട്ട് കോടി എഴുപത്തെട്ട് ലക്ഷത്തി അൻപത്തേഴായിരത്തി മുന്നൂറ്റിഎഴുപത്തിമൂന്ന് രൂപ നാൽപത് പൈസ) യും പലിശയും മറ്റ് ചെലവുകളും. (സി) കൈവശ നോട്ടീസ് 07-05-2018 & 31-03-2023 (ഡി) പ്രതീകാത്മക കൈവശം സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു.

വസ്തു നം. 1 – കരുതൽ വില: രൂപ 2,75,37,000/- ● നിരതദ്രവ്യം: രൂപ 27,53,700/- ● ലേല വർദ്ധന തുക: രൂപ 10,000/-

വസ്തു നം. 2 – കരുതൽ വില: രൂപ 1,43,47,000/- ● നിരതദ്രവ്യം: രൂപ 14,34,700/- ● ലേല വർദ്ധന തുക: രൂപ 10,000/-

വസ്തു നം. 3 – കരുതൽ വില: രൂപ 1,22,67,000/- ● നിരതദ്രവ്യം: രൂപ 12,26,700/- ● ലേല വർദ്ധന തുക: രൂപ 10,000/-

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (2). വസ്തുക്കൾ "എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. (3). അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. (4). അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനോ മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. (5). കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. (6) ലേല വിൽപന https://Baanknet.com എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം 17-04-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണി വരെയായിരിക്കും. (7) ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി https://Baanknet.com & www.pnb.bank.in എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

(ഒപ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
തീയതി: 26-03-2026, സ്ഥലം: എറണാകുളം. പഞ്ചാബ് നാഷണൽ ബാങ്ക്, എ. ആർ.എം. ബി., എറണാകുളം

E2603-589629